I/71043/2022

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3219/2022-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 12-12-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- - വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ധനസഹായം 'പടവുകൾ' 2022-23 വർഷത്തേയ്ക്ക് അപേക്ഷകൾ ഓൺലൈൻ വെബ് സൈറ്റ് വഴി ക്ഷണിക്കുന്നത് -സംബന്ധിച്ച്:-

സൂചന:-
1. സ.ഉ.(സാധാ)നം. 722/2018/സാ.നീ.വം, തീയതി. 18.12.2018
2. സ.ഉ.(സാധാ)നം. 346/2022/WCDD തീയതി. 29.07.2022

കേരളത്തിൽ ജനങ്ങളുടെ ആയുർദൈർഘ്യം വർദ്ധിച്ചിട്ടുണ്ടെങ്കിലും അപകടങ്ങൾ, പെട്ടെന്നുള്ള മരണം എന്നിവ ഏറി വരുന്നതായും പലപ്പോഴും ഇങ്ങനെയുള്ള വിധിവൈപരീത്യത്തിന് ഇരയാകുന്നത് പുരുഷന്മാരും അതിൽ തന്നെ ഭൂരിഭാഗവും കുടുംബനാഥൻമാരുമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നത്. ഇത്തരത്തിൽ വിധവകളാക്കപ്പെടുന്ന സ്ത്രീകളും കുട്ടികളും അരക്ഷിതാവസ്ഥയിലും അനാഥത്വത്തിലുമാണ് തുടർന്നുള്ള ജീവിതം കഴിച്ചു കൂട്ടുന്നത്. ഇത്തരം കുടുംബ പശ്ചാത്തലത്തിൽ വളരുന്ന കുട്ടികൾക്ക് പഠിക്കാൻ കഴിവുണ്ടായിരുന്നാൽ പോലും അവർ ആഗ്രഹിക്കുന്ന തരത്തിൽ പഠിച്ച് മുന്നേറുവാൻ കഴിയാതെ വരുന്നുണ്ട്. അതിനുള്ള പ്രധാന കാരണം കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയില്ലായ്മയാണ്.

സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും സമൂഹത്തിൽ മികച്ച നിലവാരത്തിലേക്ക് മക്കളെ വളർത്തി വലുതാക്കി കുടുംബത്തിന് താങ്ങായി നിർത്തുക എന്ന ചിന്തയിൽ മാത്രം ജീവിക്കുന്ന വിധവകളായ കുടുംബിനികൾ തങ്ങളുടെ മക്കളെ പഠിപ്പിക്കുവാൻ നന്നേ പ്രയാസപ്പെടുന്നു. സമൂഹത്തിൽ ഉന്നത നിലവാരത്തിലെത്താൻ കഴിവുള്ള ചിലരെങ്കിലും നല്ല പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചിട്ടും പണമില്ലാത്തതിന്റെ പേരിൽ മാത്രം പ്രവേശനം നേടാതെ പോകുന്നുണ്ട്. മറ്റ് 0ചിലർ കോളേജിൽ പ്രവേശനം നേടിയതിന് ശേഷം ഫീസടയ്ക്കാൻ കഴിയാതെ പഠനം നിർത്തി പോകുന്നുമുണ്ട്. ഭർത്താവ് മരണപ്പെട്ട സ്ത്രീകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നടത്താനുള്ള സാഹചര്യം വളരെ വിരളമാണെന്നതാണ് വസ്തുത. ഇത്തരം കുടുംബങ്ങളിലെ കുട്ടികൾ പ്രത്യേകിച്ച് ആൺകുട്ടികൾ മിക്കപ്പോഴും പന്ത്രണ്ടാം ക്ലാസ്സ് വരെയോ പരമാവധി ബിരുദം വരെയോ മാത്രമേ വിദ്യാഭ്യാസം നടത്തുന്നുള്ളൂ. ഇത്തരത്തിൽ തങ്ങളുടെ കഴിവുകൾ സാമൂഹിക സാമ്പത്തിക, സമ്മർദ്ദത്തിന് അടിയറവയ്ക്കേണ്ടി വരുന്ന കുട്ടികളാണ് പലപ്പോഴും സമൂഹത്തിൽ ഒറ്റപ്പെടുകയും വിജയത്തിലേക്കെത്താതിരിക്കുകയും ചെയ്യുന്നത്.

ഇത്തരം പ്രവണതകൾ വർദ്ധിച്ച് വരുന്നത് സാംസ്കാരിക കേരളത്തിന്റെ തനിമക്കും ഭാവി തലമുറയ്ക്കും ആശാസ്യകരമല്ല. ഇത്തരം കുടുംബങ്ങളേയും കുട്ടികളേയും സംരക്ഷിക്കേണ്ടതും പുനരുദ്ധരിക്കേണ്ടതും സമൂഹത്തിന്റെയും ഭരണ വിഭാഗത്തിന്റെയും പ്രധാന കടമകളിലൊന്നായി കാണേണ്ടതുണ്ട്. വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി

അവരുടെ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ- സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുക എന്ന ഉദ്ദേശത്തോടെ 'പടവുകൾ' എന്ന ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതി 2018-19 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

ടി പദ്ധതിയുടെ വിശദാംശങ്ങളും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.

<u>പദ്ധതി ധനസഹായം</u>

1. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന (എം.ബി.ബി.എസ്., എഞ്ചിനിയറിംഗ്, ബി.ഡി.എസ്., BHMS, BAMS എന്നിവയും, കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രൊഫഷണൽ കോഴ്സുകളും ) വിധവകളുടെ മക്കളുടെ ട്യൂഷൻ ഫീസും, ഹോസ്റ്റലിൽ താമസിക്കുന്നവരാണെങ്കിൽ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള ഹോസ്റ്റൽ ഫീസും, മെസ്സ് ഫീസും നൽകുന്നു.
2. സെമസ്റ്റർ ഫീസാണെങ്കിൽ വർഷം 2 തവണയും വാർഷിക ഫീസാണെങ്കിൽ ഒറ്റത്തവണയായും ധനസഹായം ലഭിക്കും.
3. സർക്കാർ -സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവരും, സ്വാശ്രയ കോളേജുകളിൽ സർക്കാർ മെരിറ്റ് സീറ്റിൽ പഠിക്കുന്നവരും ആയിരിക്കണം.

<u>പദ്ധതി മാനദണ്ഡം</u>

1. സർക്കാർ - സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിച്ചവർ
2. സ്വാശ്രയ സ്ഥാപനങ്ങളിൽ സർക്കാർ മെരിറ്റ് സീറ്റുകളിൽ പ്രഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിച്ചവർ.
3. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള മറ്റ് പ്രൊഫഷണൽ കോളേജുകൾ എന്നിവയിൽ പഠിക്കുന്നവർ.
4. കേന്ദ്ര- സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർ.
5. കുടുംബത്തിന്റെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.
6. കൂടുതൽ അപേക്ഷകൾ ഉള്ളപക്ഷം പ്രവേശന പരീക്ഷയുടെ മാർക്ക്/ പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതയുടെ മാർക്ക്, വാർഷിക വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിക്കുന്നതാണ്.
7. **പഠിക്കുന്ന സ്ഥാപനത്തിലെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് (ഹോസ്റ്റലിൽ താമസിക്കുന്നവരാണെങ്കിൽ) എന്നിവ സംബന്ധിച്ച <u>വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ</u> സാക്ഷ്യപത്രവും തുക അടച്ചിട്ടുണ്ടെന്നുള്ള(തുക സഹിതം) അപേക്ഷകയുടെ സത്യവാങ്മൂലം.**
8. സർക്കാർതലത്തിൽ നിന്നും മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നവർ ഈ ധനസഹായത്തിന് അർഹരല്ല.
9. അങ്കണവാടി വർക്കർ/ ഹെൽപ്പർ, ആശാവർക്കർമാർ, പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാർ ഈ ആനുകൂല്യത്തിന് അർഹരല്ല.
10. ധനസഹായ തുക അപേക്ഷകയുടെ (മാതാവിന്റെ) ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നു.
11. ധനസഹായം ലഭിക്കേണ്ട കുട്ടി വിധവയുടെ മകൻ/ മകൾ ആയിരിക്കണം.

12. ഒരു കുടുംബത്തിലെ രണ്ട് വിദ്യാർത്ഥികൾക്ക് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും

**അപേക്ഷിക്കേണ്ട വിധം**

- www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക
- പൊതുജന പദ്ധതികൾ- അപേക്ഷാ പോർട്ടൽ എന്ന വെബ്പേജിൽ "എങ്ങനെ അപേക്ഷിക്കാം" എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക. പൊതുജന പദ്ധതികൾ അപേക്ഷാ പോർട്ടൽ എന്ന വെബ്പേജ് എങ്ങനെ പ്രവർത്തിക്കുന്നു എന്നും അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയെന്നും വിശദമാക്കിയുള്ള പേജ് തുറന്നു വരും. അതിലെ നിർദ്ദേശങ്ങൾ ശ്രദ്ധയോടെ പാലിച്ച് ക്ഷേമപദ്ധതികൾക്ക് അപേക്ഷിക്കാവുന്നതാണ്. യുസർ മാന്വൽ www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

1. ധനസഹായത്തിനുള്ള അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർമാർ ഓൺലൈൻ വെബ് സൈറ്റ് വഴി മാത്രം 31.01.2023 വരെ സ്വീകരിക്കേണ്ടതാണ്. അപേക്ഷകൾ ഓഫ്‌ലൈൻ ആയി സ്വീകരിക്കാൻ പാടുള്ളതല്ല. ലഭിക്കുന്ന അപേക്ഷകളിൽ നിന്നും എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നതും ആവശ്യപ്പെട്ട എല്ലാ രേഖകളും ഉള്ള അപേക്ഷകൾ വ്യക്തമായ ശുപാർ ശയോടെ ഓൺലൈൻ ആയി 05.02.2023 നകം ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് നൽകേണ്ടതുമാണ്. ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളുടെ ലിസ്റ്റ് (മുൻഗണന അടിസ്ഥാനത്തിൽ തയ്യാറാക്കി) നിശ്ചിത പ്രൊഫോർമയിൽ ജില്ലാ കളക്ടർ അധ്യക്ഷനായുള്ള കമ്മിറ്റിയുടെ അംഗീകാരത്തോടെ 15.02.2022 ന് മുൻപ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ധനസഹായം അനുവദിച്ച് നൽകുന്നവരുടെ പേരും വിശദ വിവരവും ജില്ലാ വനിത ശിശു വികസന ഓഫീസർമാർ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.
2. **ധനസഹായത്തിന് അപേക്ഷിക്കേണ്ട വിധവും ഹാജരാക്കേണ്ട രേഖകളും**
    1. www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ് ശിശു വികസന പദ്ധതി ഓഫീസർക്ക് അപേക്ഷിക്കേണ്ടത്
    2. **കോഴ്സ്, ഫീസ് സംബന്ധിച്ച അപേക്ഷയോടൊപ്പമുള്ള സാക്ഷ്യപത്രം (സ്ഥാപന മേധാവി, അപേക്ഷക എന്നിവർ സാക്ഷ്യപ്പെടുത്തിയത്.)**
    3. വിദ്യാർത്ഥിയുടെ മാതാവ് വിധവയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അസ്സൽ (വില്ലേജ് ഓഫീസർ നൽകുന്നത്)
    4. വരുമാന സർട്ടിഫിക്കറ്റിന്റെ അസ്സൽ
    5. പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (മാർക്ക് ലിസ്റ്റ് ഉൾപ്പെടെ)
    6. ധനസഹായം ലഭിച്ച തുക മേൽപ്പറഞ്ഞവയുടെ ആകെ തുകയിൽ നിന്നും അധികരിക്കുന്നില്ല എന്ന അപേക്ഷകയുടെ സാക്ഷ്യപത്രം.

**കമ്മിറ്റിയുടെ ഘടന**

1. ജില്ലാ കളക്ടർ - അദ്ധ്യക്ഷൻ
2. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ

I/71043/2022

(ജില്ലാ പഞ്ചായത്ത്) - മെമ്പർ

3. ഡി.എം.ഒ. - മെമ്പർ
4. ജില്ലാ ഇൻഫർമേഷൻ ഓഫീസർ - മെമ്പർ
5. പ്രിൻസിപ്പാൾ (സർക്കാർ/ എയ്ഡഡ് കോളേജ്) - മെമ്പർ
6. ജില്ലാ വനിത ശിശു വികസന ഓഫീസർ - കൺവീനർ

**വനിത ശിശു വികസന ഡയറക്ടർ**

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

**പകർപ്പ്:**

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ,
3. ഡയറക്ടറുടെ സി.എ.
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

**വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായത്തിനുള്ള അപേക്ഷയിൽ ഓൺലൈൻ വെബ് സൈറ്റ് വഴി രേഖപ്പെടുത്തേണ്ടവ**

_

| | | |
|---|---|---|
| 1 | അപേക്ഷകയുടെ പേരും മേൽവിലാസവും (പിൻകോഡ് ഉൾപ്പെടെ) | |

I/71043/2022

<table>
<tr><td></td><td colspan="2"></td><td colspan="3"></td></tr>
<tr><td>2</td><td colspan="2">ഫോൺ നമ്പർ</td><td colspan="3"></td></tr>
<tr><td>3</td><td colspan="2">വിദ്യാഭ്യാസ ധനസഹായം ലഭിക്കേണ്ട കുട്ടിയുടെ പേരും ജനനതീയതിയും</td><td colspan="3"></td></tr>
<tr><td>4</td><td colspan="2">പഠിക്കുന്ന സ്ഥാപനത്തിന്റെ പേരും മേൽവിലാസവും</td><td colspan="3"></td></tr>
<tr><td>5</td><td colspan="2">പഠിക്കുന്ന കോഴ്സിന്റെ പേര്, ആകെ പഠിക്കേണ്ട വർഷം</td><td colspan="3"></td></tr>
<tr><td>6</td><td colspan="2">ഇപ്പോൾ പഠിക്കുന്ന വർഷം</td><td colspan="3"></td></tr>
<tr><td>7</td><td colspan="2">സർക്കാർ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ചതാണോ?</td><td colspan="3"></td></tr>
<tr><td>8</td><td colspan="2">പ്രവേശന പരീക്ഷയുടെ റാങ്ക് നം., പ്രവേശന പരീക്ഷയുടെ പേര്</td><td colspan="3"></td></tr>
<tr><td rowspan="2">9</td><td rowspan="2">പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതയുടെ മാർക്ക് (+2, ഡിഗ്രി etc.)</td><td rowspan="2"></td><td>ആകെ മാർക്ക്</td><td>ലഭിച്ച മാർക്ക്</td><td>എത്ര ശതമാനം മാർക്ക് ലഭിച്ചു</td></tr>
<tr><td></td><td></td><td></td></tr>
<tr><td>10</td><td colspan="2">ഒരു വർഷത്തേയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് എത്ര?</td><td colspan="3"></td></tr>
<tr><td>11</td><td colspan="2">പ്രതിമാസ ഹോസ്റ്റൽ ഫീസ് (മെസ് ഉൾപ്പെടെ) എത്ര?</td><td colspan="3"></td></tr>
<tr><td>12</td><td colspan="2">അപേക്ഷകയുടെ ബാങ്ക് അക്കൗണ്ട് നം., ബ്രാഞ്ച്, IFSC</td><td colspan="3"></td></tr>
<tr><td>13</td><td colspan="2">സർക്കാരിൽ നിന്നും മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നുണ്ടോ?</td><td colspan="3"></td></tr>
<tr><td>14</td><td colspan="2">പഠനാവശ്യത്തിനായി മറ്റേതെങ്കിലും ധനസഹായം തൻവർഷത്തേയ്ക്ക് ലഭിച്ചിട്ടുണ്ടോ?/ ലഭിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം</td><td colspan="3"></td></tr>
<tr><td>15</td><td colspan="2">വാർഷിക വരുമാനം</td><td colspan="3"></td></tr>
</table>

–

–

–

–

–

–

–

**<u>അപേക്ഷക അപ് ലോഡ് ചെയ്യേണ്ട സാക്ഷ്യപത്രങ്ങൾ</u>**

I/71043/2022

–

**1.വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്രം**

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . എന്ന കുട്ടി ഈ സ്ഥാപനത്തിൽ സർക്കാർ മെരിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ളതും പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ . . . . . . . . . . . . . . . . . . . . ആയി ഉൾപ്പെട്ടിരുന്നതുമാണ്. നിലവിൽ ഈ കുട്ടി . . . . . . . . . . . . . . . . . . . . . . . . . . . . . . എന്ന കോഴ്സിന് . . . . . . . . . . . . . . . . . . . . . വർഷം പഠിക്കുകയാണെന്നും ടിയാളുടെ വാർഷിക ഫീസ് . . . . . . . . . . . . . . രൂപയും ഹോസ്റ്റൽ ഫീസ് . . . . . . . . . . രൂപയും, മെസ് ഫീസ് . . . . . . . . . . രൂപയും ആണെന്നും ടിയാൾക്ക് സർക്കാർ തലത്തിൽ നിന്നും സ്കോളർഷിപ്പുകൾ ഒന്നും ഈ സ്ഥാപനം വഴി ലഭിക്കുന്നില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: **വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടേ ഒപ്പ്**
തീയതി: **പേര്:**

(സീൽ)

**2. സാക്ഷ്യപത്രം**

2022-23 വർഷം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . കോളേജിൽ . . . . . . . . . വർഷം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . കോഴ്സിന് പഠിച്ചിരുന്ന എന്റെ മകൻ/ മകൾ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . ക്ക്/ന് പടവുകൾ പദ്ധതി പ്രകാരം . . . . . . . . . . . . . . . . . . . . . . രൂപ ധനസഹായം ലഭിച്ചത് മകന്റെ/ മകളുടെ 2021-22 ലെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ മെസ്സ് ഫീസ് ആയി അടച്ച . . . . . . . . . . . . . . . . . . . . . രൂപയിൽ നിന്നും അധികരിച്ചിട്ടില്ലെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: **അപേക്ഷകയുടെ ഒപ്പ്**
തീയതി: **പേര്:**

3. **സാക്ഷ്യപത്രം**

എന്റെ മകൻ/ മകൾ 2022-23 വർഷം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . കോളേജിൽ . . . . . . . . . വർഷം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

I/71043/2022

. . . . . . . . . . . . കോഴ്സിന് പഠിക്കുകയാണെന്നും ടിയാളുടെ ട്യൂഷൻ ഫീസ് . . . . . . . . . . . . . . . . രൂപയും ഹോസ്റ്റൽ ഫീസ് . . . . . . . . . . രൂപയും, മെസ് ഫീസ് . . . . . . . . . . രൂപയും ആണെന്നും ടിയാൾക്ക് സർക്കാർ തലത്തിൽ നിന്നും സ്കോളർഷിപ്പുകൾ ഒന്നും ലഭിക്കുന്നില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: **അപേക്ഷകയുടെ ഒപ്പ്**
തീയതി: **പേര്:**

**<u>ശിശു വികസന പദ്ധതി ഓഫീസർ അപ് ലോഡ് ചെയ്യേണ്ട സാക്ഷ്യപത്രങ്ങൾ</u>**

**<u>ശിശു വികസന പദ്ധതി ഓഫീസറുടെ ശുപാർശ</u>**

ശ്രീമതി . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . വിധവയാണെന്നും ടിയാളുടെ മകൻ /മകൾ സർക്കാർ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ചിട്ടുള്ളതും സ.ഉ.(സാധാ) നം. . . . . . . . . . . . . . . . . തീയതി. . . . . . . . . . . മാനദണ്ഡങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുണ്ട് എന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: **ശിശു വികസന പദ്ധതി ഓഫീസർ**
തീയതി:

(സീൽ)

**Signed by Priyanka G**
**Date: 12-12-2022 15:39:41**